പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1514 06.03.2018-ലെ മറുപടിക്ക്

## സ്വകാര്യ ബസ് പണിമുടക്കവേളയിൽ കെ.എസ്.ആർ.ടി.സി. കൈകൊണ്ട നടപടികൾ

ചോദ്യം

ശ്രീ. എ.പി.അനിൽകുമാർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബസ് ചാർജ്ജ് വർദ്ധന ആവശ്യപ്പെട്ട് സ്വകാര്യ ബസുകൾ പണിമുടക്കിയപ്പോൾ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് കെ.എസ്.ആർ.ടി.സി. കൈകൊണ്ട നടപടികൾ എന്തൊക്കെയാണ്; | (എ) | പൊതുജനങ്ങൾക്കും യാത്രാക്കാർക്കും ഉണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി സംസ്ഥാനത്തൊട്ടാകെ ആകെ 1711 അധിക സർവ്വീസുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദിവസങ്ങളിൽ എത്ര അധിക ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി. നടത്തി; ഇതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | അധിക സർവ്വീസ് നടത്തിയതുമൂലം കെ.എസ്.ആർ.ടി.സി യ്ക്ക് ശരാശരി 1,33,93,507 രൂപയുടെ വരുമാന വർദ്ധനവ് ലഭിച്ചിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസുകളിൽ അനുവദിച്ചിട്ടുള്ള കൺസെഷൻ, കെ.എസ്.ആർ.ടി.സി. ബസുകളിൽ പ്രസ്തുത ദിവസങ്ങളിൽ നൽകിയിരുന്നോ; | (സി) | സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന സൗജന്യയാത്രയിൽ നിന്നും വ്യത്യസ്തമായി പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്രയാണ് കെ.എസ്.ആർ.ടി.സി. അനുവദിച്ചിരിക്കുന്നത്. |
| (ഡി) | സമരം ചെയ്ത സ്വകാര്യബസുകളുടെ പെർമിറ്റ് റദ്ദാക്കുവാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ? | (ഡി) | നടപടികൾ സ്വീകരിച്ചിരുന്നു. ബസ്സ് ചാർജ് വർദ്ധന ആവശ്യപ്പെട്ട് സമരം ചെയ്ത 913 സ്വകാര്യ ബസ് ഉടമകൾക്ക് ബസ് സർവ്വീസ് നിർത്തിവച്ചതിനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ